QUESTION BANK

GRADE -9

# വാക്യത്തിൽ പ്രയോഗിക്കുക

*തന്നിരിക്കുന്ന ശൈലി സ്വന്തം വാക്യത്തിൽ എഴുതുക*

**കാലോചിതം** - ചലച്ചിത്രരംഗത്ത് കാലോചിതമായ മാറ്റങ്ങൾ ഉണ്ടാകുന്നുണ്ട്.

**നിറകുടം** - സോക്രട്ടീസ് അറിവിന്റെ നിറകുടമായിരുന്നു.

**ആണിക്കല്ല്** - സത്യസന്ധതയും കഠിനാദ്ധ്വാനവുമാണ് ജീവിതപുരോഗതിക്ക് ആണിക്കല്ലായി വർത്തിക്കുന്നത്

**ആകസ്മികം** -

ഗൃഹനാഥന്റെ ആകസ്മിക മരണം കുടുംബത്തെയാകെ തളർത്തിക്കളഞ്ഞു.

**അക്ഷന്തവ്യം** - ഗുരുജനങ്ങളെ നിന്ദിക്കുന്നത് അക്ഷന്തവ്യമായ തെറ്റാണ്.

**അനിഷേധ്യം** -

ഇ.എം.എസ്. നമ്പൂതിരിപ്പാട് ഇടതുപക്ഷമുന്നണിയുടെ അനിഷേധ്യ നേതാവായിരുന്നു.

**പ്രഥമഗണനീയൻ** -

നാടകകർത്താക്കളിൽ പ്രഥമഗണനീയൻ ഷേക്സ്പിയർ ആണ്.

**മുഖരിതം** - നഗരാന്തരീക്ഷം വാഹനങ്ങളുടെ ശബ്ദകോലാഹലം കൊണ്ട് മുഖരിതമായിത്തീർന്നിരിക്കുകയാണ്.

**നെല്ലിപ്പടി കാണുക -**

ക്ഷമയുടെ നെല്ലിപ്പടി കണ്ടതിനുശേഷമേ മാതാപിതാക്കൾ മക്കളെ ശിക്ഷിക്കാറുള്ളൂ.

**ഭഗീരഥ പ്രയത്നം** -. ഭഗീരഥപ്രയത്നം ചെയ്യുന്നവനു മാത്രമേ ഇന്ത്യൻ സിവിൽ സർവീസ് പരീക്ഷയിൽ വിജയിക്കാൻ സാധിക്കൂ.

**അജഗജാന്തരം** - കടലും കടലാടിയും തമ്മിൽ അജഗജാന്തരമുണ്ട്

1. **അക്കരപ്പച്ച** - അകലെയുള്ളതിനെക്കുറിച്ചുള്ള ഭ്രമം കോപം വർദ്ധിപ്പിക്കുക
2. **അഗ്നിയിൽ എണ്ണ ഒഴിക്കുക** – കോപം വർധിപ്പിക്കുക
3. **അടിപ്പലക കാണുക** - അവസാനം കാണുക
4. **അടിയറവു പറയുക** - തോറ്റതായി സമ്മതിക്കുക
5. **അമ്പലം വിഴുങ്ങുക** - മുഴുവൻ കൊള്ളയടിക്കുക
6. **അരണബുദ്ധി** - പെട്ടെന്നു മറക്കുന്ന സ്വഭാവം
7. **അവതാ പറയുക** - സങ്കടം പറയുക
8. **ആണിക്കല്ല്** - പ്രധാനമായുള്ളത്
9. **ഇരുട്ടടി** - ഒളിഞ്ഞിരുന്ന് ഉപദ്രവിക്കുക
10. **ഉരുളയ്ക്കുപ്പേരി** - ഉചിതമായ മറുപടി

**ചോദ്യങ്ങൾ**

I.പ്രയോഗം മാറ്റുക

1.ലേഖകനെ ഗൈഡുകൾ വിക്ടോറിയാവെള്ളച്ചാട്ടിന് സമീപത്തേയ്ക്ക് കൊണ്ടുപോയി.

2.ഇവിടെ അരി പൊടിച്ച് കൊടുക്കപ്പെടും.

II.അംഗ അംഗിവാക്യം വേർതിരിക്കുക.

3.ഞാൻ എന്റെ ഗൈഡുകളോടൊപ്പം നദിയിലിറങ്ങിക്കുളിച്ചു.

4.ജയിലിൽ നിന്നു പുറത്തിറങ്ങുമ്പോൾ ചാപ്ലിൻ അനാഥയായ ഗാമിനെ കണ്ടുമുട്ടി.

III.വിധിവാക്യത്തെ നിഷേധവാക്യമാക്കി മാറ്റുക.

5.ലേഖകൻ സാംബസി നദിയിൽ ചീങ്കണ്ണികളെയും കണ്ടു.

6.നാട്ടിൻപുറത്തുകാരിയായ കമലത്തിന് അമ്മയുടെ ഓർമ്മകൾ അലട്ടുന്നു.

IV.തെറ്റുണ്ടെങ്കിൽ തിരുത്തുക.

7.മറ്റാരിലും കാണാനാവാത്ത അന്യാദൃശ കഴിവുകൾക്കുടമയായിരുന്നു സർദാർ വല്ലഭായി പട്ടേൽ.

8.ഏകയും ഒറ്റപ്പെട്ടവനുമായാണ് ഞാൻ യാത്ര തിരിച്ചത്.

V.പിരിച്ചെഴുതി സന്ധി നിർണയിക്കുക.

9.പ്രത്യാശ

10. പ്രത്യഹം

**VI.വിഗ്രഹിക്കുക.**
11.ജലപാളി

(ജലംകൊണ്ടുള്ള പാളി, ജലത്തിന്റെ പാളി, ജലവും പാളിയും, പാളിയുടെ ജലം)

12.നീലപ്പട്ട്

(നീലയായ പട്ട്, നീല പോലൊരു പട്ട്, നീലകൊണ്ടുള്ള പട്ട്)

**ഉത്തരങ്ങൾ**

1.ലേഖകൻ ഗൈഡുകളാൽ വിക്ടോറിയാവെള്ളച്ചാട്ടിന് സമീപത്തേയ്ക്ക് കൊണ്ടുപോകപ്പെട്ടു.

2.ഇവിടെ അരി പൊടിച്ച് കൊടുക്കും.

3.അംഗവാക്യം - ഞാൻ എന്റെ ഗൈഡുകളോടൊപ്പം

അംഗിവാക്യം - നദിയിലിറങ്ങിക്കുളിച്ചു.

4.അംഗവാക്യം - ജയിലിൽ നിന്നു പുറത്തിറങ്ങുമ്പോൾ

അംഗിവാക്യം - ചാപ്ലിൻ അനാഥയായ ഗാമിനെ കണ്ടുമുട്ടി.

5.ലേഖകൻ സാംബസി നദിയിൽ ചീങ്കണ്ണികളെ കാണാതിരുന്നില്ല.
6.നാട്ടിൻപുറത്തുകാരിയായ കമലത്തിന് അമ്മയുടെ ഓർമ്മകൾ അലട്ടാതിരുന്നില്ല

7.അന്യാദൃശ കഴിവുകൾക്കുടമയായിരുന്നു സർദാർ വല്ലഭായി പട്ടേൽ.

8.ഏകയായാണ് ഞാൻ യാത്ര തിരിച്ചത്.

9. പ്രതി + ആശ = പ്രത്യാശ - യൺ സന്ധി

10.പ്രതി + അഹം = പ്രത്യഹം - യൺ സന്ധി

യൺ സന്ധി

ഇതൊരു സംസ്കൃത സന്ധിയാണ്.

സംസ്കൃത പദങ്ങൾ പിരിചെഴുതുമ്പോൾ ഭാഷാസന്ധി ഉപയോഗിക്കാൻ പാടില്ല. ഭാഷയിലുള്ള ആദേശസന്ധിക്ക് പകരം സംസ്കൃതത്തിൽ ഉപയോഗിക്കുന്ന സന്ധിയാണ് യൺ സന്ധി.

നിയമം 1 - ഇ എന്ന സ്വരത്തിന് ശേഷം ഏതെങ്കിലും സ്വരം വന്നാൽ ഇ പോയി യ് എന്ന വർണ്ണം വരുന്നു.

യ് നെ വ്യഞ്ജന ചിഹ്നമായി ഉപയോഗിക്കണം.

ഉദാ: പ്രതി + അക്ഷം = പ്രത്യക്ഷം

അതി + ആഗ്രഹം = അത്യാഗ്രഹം

പ്രതി + ഏകം = പ്രത്യേകം

അതി + അല്പം = അത്യല്പം

ഇതി + ആദി = ഇത്യാദി

നിയമം-2

ഉ എന്ന സ്വരത്തിന് ശേഷം ഏത് സ്വരം വന്നാലും ഉ പോയി വ് എന്ന വർണ്ണം വരുന്നു.

ഉദാ: അനു + അർത്ഥം = അന്വർത്ഥം

അണു + ആയുധം = അണ്വായുധം

സു + അല്പം = സ്വല്പം

മനു + അന്തരം = മന്വന്തരം

അനു + ആഖ്യാനം = അന്വാഖ്യാനം

ക്രിസ്തു + അബ്ദം = ക്രിസ്ത്വബ്ദം

നിയമം-3

ഋ എന്ന സ്വരത്തിന് ശേഷം ഏതെങ്കിലും സ്വരം വന്നാൽ ഋ പോയി റ് എന്ന വർണ്ണം വരുന്നു.

പിതൃ + ആജ്ഞ = പിത്രാജ്ഞ

11.ജലത്തിന്റെ പാളി

12.നീലയായ പട്ട്